# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3102 07.11.2019-ൽ മറുപടിക്ക്

**ഹയർസെക്കണ്ടറി വിദ്യാലയങ്ങളിലെ സംഘർഷങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.വി.അബ്ദുറഹിമാൻ | | പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾ തമ്മിലും, സമീപ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾ തമ്മിലും സംഘർഷങ്ങളും, പ്ലസ് വൺ വിദ്യാർത്ഥികൾക്ക് നേരെ റാഗിങ്ങും നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ ; | (എ) | ഹയർ സെക്കന്ററി വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾ തമ്മിൽ സംഘർഷം ഉണ്ടാകുന്നതായും പ്ലസ് വൺ വിദ്യാർത്ഥികളുടെ നേരെ റാഗിംഗ് നടക്കുന്നതായും ഉള്ള പരാതികൾ ലഭിക്കുകയും ടി പരാതികളുടെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ പരിശോധന നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്. എന്നാൽ സമീപ വിദ്യാലയത്തിലെ വിദ്യാർത്ഥികൾ തമ്മിൽ സംഘർഷമുണ്ടാകുന്നതായി പരാതികൾ ലഭിച്ചിട്ടില്ല. |
| (ബി) | മേൽ സൂചിപ്പിച്ച വിധത്തിലുള്ള സംഘർഷങ്ങൾ കാരണം സ്കൂളിൽ നടക്കുന്ന പൊതു പരിപാടികളും മേളകളും അലങ്കോലപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | സ്കൂളുകളിലെ വിദ്യാർത്ഥികൾ തമ്മിലുള്ള സംഘർഷം കാരണം സ്കൂളിൽ നടക്കുന്ന പൊതുപരിപാടികളും മേളകളും, അലങ്കോലപ്പെടുന്നതായുള്ള പരാതികൾ ലഭിച്ചിട്ടില്ല. |
| (സി) | ഇത്തരം സംഘർഷങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | (സി) ഉം | എല്ലാ ഹയർ സെക്കന്ററി സ്കൂളുകളിലും സൗഹൃദ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. വിദ്യാർത്ഥികളുടെ മാനസിക പിരിമുറുക്കം കുറയ്ക്കുന്നതിനായുള്ള കൗൺസിലിംഗും നടത്തുന്നുണ്ട്. മക്കളെ അറിയാൻ എന്ന പേരിൽ രക്ഷകർത്താക്കൾക്കായി അധ്യയന വർഷത്തിന്റെ ആരംഭത്തിൽ ആവശ്യമായ ക്ലാസ്സുകൾ നൽകുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ ഹയർ സെക്കന്ററി സ്കൂളുകളിലും സംസ്ഥാന പോലീസ് മേധാവിയുടെ നിർദ്ദേശപ്രകാരം സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പാലിക്കുന്നുണ്ടോ |
| (ഡി) | ഇത്തരം സംഘർഷങ്ങൾ ഉണ്ടാകുന്നതിന്റെ കാരണങ്ങൾ ശാസ്ത്രീയ പഠനം നടത്തി കണ്ടെത്തുന്നതിനും ശാസ്ത്രീയവും മനഃശാസ്ത്രപരവുമായ മാർഗ്ഗങ്ങളിലൂടെ പരിഹരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ; | (ഡി) ഉം | |

(മറുപുറം...)

എന്ന് പരിശോധിക്കുന്നതിന് കരിയർ ഗൈഡൻസ് ആന്റ് അഡോളസെന്റ് കൗൺസിലിംഗ് വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

**സെക്ഷൻ ഓഫീസർ.**